**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒരു കോടി രൂപയ്ക്ക് മുകളിൽ പണമായി പിൻവലിച്ച സഹകരണ ബാങ്കുകൾ 2 ശതമാനം തുക ആദായ നികുതി അടയ്ക്കണമെന്ന് കേരള ബാങ്ക് അറിയിപ്പ് നൽകിയിരുന്നോ; | (എ) | അറിയിപ്പ് നൽകിയിരുന്നു. ആദായ നികുതി ആക്ട് 194A, 194N എന്നീ വകുപ്പുകൾ പ്രകാരം സംഘങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് ഭീമമായ തുക സാമ്പത്തിക ബാധ്യതയായി ആദായ നികുതി വകുപ്പ് ചുമത്തിയിട്ടുണ്ടായിരുന്നു. TDS തുക സംഘങ്ങളിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കാത്ത പക്ഷം ബാങ്ക് Assessee in Default ആയി കണക്കാക്കപ്പെടും എന്നതിനാൽ ബാങ്കിന്റെ ഭരണ സമിതി തീരുമാനപ്രകാരം ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. |
| (ബി) | വിവിധ സാമൂഹ്യക്ഷേമപെൻഷനുകൾ, കെ.എസ്.ആർ.ടി.സി. പെൻഷൻ എന്നിവ വിതരണം ചെയ്ത സഹകരണ ബാങ്കുകളാണ് പ്രസ്തുത പ്രതിസന്ധി നേരിടുന്നതെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; | (ബി) | മേൽ പ്രതിസന്ധി സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടേയും സോഫ്റ്റ് വെയർ ഏകികരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കുന്നതിന് കഴിയുന്നതാണ്. |
| (സി) | സഹകരണ മേഖല നേരിടുന്ന പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്തിട്ടുള്ള 194N ൽ നിന്നും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിന്മേൽ യാതൊരു അനുകൂല നടപടിയും ഉണ്ടായിട്ടില്ല. നിലവിൽ ആദായ നികുതി വകുപ്പിൽ നിന്നും ഉണ്ടാകുന്ന ഡിമാന്റിന്മേൽ കോടതി മുഖേന നിയമപരമായ പരിരക്ഷ നേടുന്നതിന് സഹകരണ സംഘങ്ങൾ നടപടി സ്വീകരിച്ച് വരികയാണ്.<br><br>ആദായ നികുതി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ സ്വന്തം നിലയ്ക്കും കൂട്ടായും കോടതി മുഖേന അനുകൂല ഉത്തരവുകൾ നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളാ ബാങ്കിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുമ്പോൾ ഈ വിഷയത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ